# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2025 ജനുവരി 13**

## ജൈവ അധിനിവേശം; ദേശീയ സെമിനാർ 16 മുതൽ

ജൈവ അധിനിവേശം കേരളത്തിലെ ജൈവ വൈവിധ്യത്തിന് ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ദേശീയ ദ്വിദിന സെമിനാർ ജനുവരി 16 മുതൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. 16ന് രാവിലെ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

എം.ജി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻസ് സയൻസ് ടെക്നോളജിയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

പെരിയാർ ടൈഗർ റിസർവ് ഫീൽഡ് ഡയറക്ടർ പി.പി. പ്രമോദ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് സയന്റിസ്റ്റ് ഡോ. ടി.വി. സജീവ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻ ഡോ. മുഹമ്മദ് ജാഫർ പാലോട്ട്, മത്സ്യ ശാസ്ത്ര വിദഗ്ധനായ ഡോ. സി.പി. ഷാജി എന്നിവർ പ്രഭാഷണം നടത്തും.

സെമിനാറിന്റെ ഭാഗമായി വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ അവസരമുണ്ട്.

മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് പങ്കെടുക്കാം. ഫോൺ-9995894637

(പി.ആർ.ഒ/39/1204/2025)

## ഡ്രോൺ സാങ്കേതിക വിദ്യ; സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡ്രോൺ സാങ്കേതിക വിദ്യ ശാസ്ത്രീയമായി പരിശീലിപ്പിച്ച് ലൈസൻസ് നൽകുന്ന കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.ഐസിൽ റോമാട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്)

മൂന്നു മാസവും ഒരു മാസവും ദൈർഘ്യമുള്ള രണ്ട് സർട്ടിഫിക്കറ്റ് കോഴ്സുകളാണ് നടത്തുന്നത്.

ഇതിനു പുറമെ ഡയറക്ടർ ജനറൽ ഓഫ് സിവിൽ എവിയേഷന്റെ അംഗീകാരമുള്ള ഒരാഴ്ച്ചത്തെ ഡ്രോൺ പൈലറ്റ് ലൈസൻസ് പരിശീലനവുവുമുണ്ട്. 18നും 60നും ഇടയിൽ പ്രായമുള്ളവർക്കാണ് അവസരം. ഫോൺ– 7012147575, 6282448585

(പി.ആർ.ഒ/39/1205/2025)

## പരീക്ഷക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ആറാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് ജനുവരി 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 20 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 21 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1206/2025)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എംസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ് സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16, 17 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

...........................

ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി കമ്പ്യൂട്ടർ സയൻസ്–ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് (പുതിയ സ്കീം– 2020 അഡ്മിഷൻ റെഗുലർ, ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 17ന് തൃക്കാക്കര, ഭാരത മാതാ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

...........................

മൂന്നാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (പുതിയ സ്കീം– (2023 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷ യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 23, 24 തീയതികളിൽ നടക്കും. ടൈം ടേ ബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1207/2025)

## ഓൺലൈൻ എം.ബി.എ കോഴ്സ് കോർഡിനേറ്റർ;

## അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ കോഴ്സ് കോർഡിനേറ്റർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലെ ഒരു ഒഴിവിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. 55 ശതമാനം മാർക്കോടെ എംബിഎയും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡിയും ഉള്ളവരെയാണ് പരിഗണിക്കുന്നത്. 2025 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും.

പ്രതിമാസ വേതനം 40000 രൂപ. recruitmentada7@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ അയക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1208/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**